# മഹാത്മാഗാന്ധി സർവ്വകലാശാല, കോട്ടയം

**കെ. എൻ. വേണുഗോപാലൻ കർത്ത**
പബ്ലിക് റിലേഷൻസ് ഓഫീസർ
ഫോൺ: **0481- 2731020, 2732650,**
മൊബൈൽ: **9846720402**

പി.ആർ.ഒ/36/18/2018 2018 ജനുവരി 23

## പത്രക്കുറിപ്പ്

### എം.ജി. ഇന്നത്തെ (ജനുവരി 24) പരീക്ഷ മാറ്റി

മഹാത്മാഗാന്ധി സർവ്വകലാശാല ഇന്ന് (ജനുവരി 24) നടത്തുവാൻ നിശ്ചയിച്ചിരുന്ന എല്ലാ പരീക്ഷകളും മോട്ടോർ വാഹന പണിമുടക്ക് കാരണം മാറ്റിവച്ചു. ഇന്ന് നടത്താൻ നിശ്ചയിച്ചിരുന്ന ഒന്നാം സെമസ്റ്റർ യു.ജി. (സി.ബി.സി.എസ്. - 2017 അഡ്മിഷൻ, സി.ബി.സി.എസ്.എസ്. - 2013 മുതൽ 2016 വരെ അഡ്മിഷൻ) പരീക്ഷകൾ ജനുവരി 30ന് നടത്തുന്നതിനായി പുതുക്കി നിശ്ചയിച്ചു. മറ്റ് പരീക്ഷകളുടെ പുതുക്കിയ തീയതി പിന്നീട് അറിയിക്കും.

### ഒന്നാം സെമസ്റ്റർ പി.ജി. വിദ്യാർത്ഥികളുടെ യോഗ്യതാ സർട്ടിഫിക്കറ്റ് ഹാജരാക്കണം

2017ൽ പ്രവേശനം ലഭിച്ച ഒന്നാം സെമസ്റ്റർ പി.ജി. വിദ്യാർത്ഥികളുടെ പട്ടികയും യോഗ്യതാ സർട്ടിഫിക്കറ്റുകളും സർവ്വകലാശാലയിൽ പരിശോധനയ്ക്കായി സമർപ്പിക്കാത്ത കോളേജുകൾ ആയത് ഇന്ന് (ജനുവരി 24) വൈകീട്ട് 4 മണിക്ക് മുൻപായി ബന്ധപ്പെട്ട പരീക്ഷാ വിഭാഗം അസിസ്റ്റന്റ് രജിസ്ട്രാർക്ക് സമർപ്പിക്കേണ്ടതാണ്.

### എംഫിൽ പ്രവേശന പരീക്ഷ

മഹാത്മാഗാന്ധി സർവ്വകലാശാലാ സ്കൂൾ ഓഫ് മാനേജ്മെന്റ് ആന്റ് ബിസിനസ് സ്റ്റഡീസിൽ 2017-18 എം.ഫിൽ ബാച്ചിലേക്കുള്ള പ്രവേശന പരീക്ഷയും അഭിമുഖവും ജനുവരി 30ന് സർവ്വകലാശാലാ കാമ്പസിലുള്ള സ്കൂൾ ഓഫ് മാനേജ്മെന്റ് ആന്റ് ബിസിനസ് സ്റ്റഡീസിൽ വച്ച് നടത്തുന്നതാണ്. ഹാൾ ടിക്കറ്റ് ലഭിക്കാത്തവർ 29നകം 0481 - 2732288 എന്ന നമ്പരിൽ സ്കൂൾ ഓഫീസുമായി ബന്ധപ്പെടേണ്ടതാണ്.

### ബി.കോം പുനർമൂല്യനിർണ്ണയ ഫലം

2017 മാർച്ചിൽ നടത്തിയ നാലാം സെമസ്റ്റർ ബി.കോം (സി.ബി.സി.എസ്.എസ്.) പരീക്ഷകളുടെ പുനർമൂല്യനിർണ്ണയഫലത്തിന്റെ ആദ്യഘട്ടം പ്രസിദ്ധപ്പെടുത്തി. ഫലം സർവ്വകലാശാലാ വെബ്സൈറ്റിൽ ലഭ്യമാണ്.

### പി.ജി. മൂല്യനിർണ്ണയ ക്യാമ്പ്: അദ്ധ്യാപകർ പങ്കെടുക്കണം

ജനുവരി 29, 30, 31 തീയതികളിൽ ആലുവ യു.സി. കോളേജ്, പാലാ സെന്റ് തോമസ് കോളേജ്, തിരുവല്ല മാർത്തോമ്മാ കോളേജ് എന്നീ കേന്ദ്രങ്ങളിൽ നടക്കുന്ന രണ്ടാം സെമസ്റ്റർ പി.ജി. മൂല്യനിർണ്ണയ ക്യാമ്പുകളിൽ എല്ലാ കോളേജുകളിൽ നിന്നും രണ്ടാം സെമസ്റ്റർ പി.ജി. വിഷയങ്ങൾ പഠിപ്പിക്കുന്ന അദ്ധ്യാപകരിൽ ഏറ്റവും സീനിയർ ആയ രണ്ട് അദ്ധ്യാപകർ വീതം പങ്കെടുക്കേണ്ടതും ഇക്കാര്യം ബന്ധപ്പെട്ട പ്രിൻസിപ്പൽമാർ ഉറപ്പുവരുത്തേണ്ടതുമാണ്.

### പരീക്ഷാഫലം

2017 മെയ് മാസം നടത്തിയ ഒന്നും മൂന്നും സെമസ്റ്റർ എം.എസ്.സി. മോളിക്യുലാർ ബയോളജി ആന്റ് ജനറ്റിക് എഞ്ചിനീയറിംഗ് (റഗുലർ) പരീക്ഷയുടെ ഫലം പ്രസിദ്ധപ്പെടുത്തി. പുനർമൂല്യനിർണ്ണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും ഫെബ്രുവരി 5 വരെ അപേക്ഷിക്കാം.

2017 മെയ് മാസത്തിൽ നടത്തിയ രണ്ടാം സെമസ്റ്റർ ബി.ടി.എസ്. (സി.ബി.സി.എസ്.എസ്. 2013 മുതൽ അഡ്മിഷൻ റഗുലർ/സപ്ലിമെന്ററി) പരീക്ഷയുടെ ഫലം പ്രസിദ്ധപ്പെടുത്തി. പുനർമൂല്യ

നിർണ്ണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും ഫെബ്രുവരി 6 വരെ അപേക്ഷിക്കാം.

2017 ജനുവരിയിൽ നടത്തിയ ഒന്നാം സെമസ്റ്റർ എം.എസ്.സി. സുവോളജി (റഗുലർ) പരീക്ഷയുടെ ഫലം പ്രസിദ്ധപ്പെടുത്തി. പുനർമൂല്യനിർണ്ണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും ഫെബ്രുവരി 6 വരെ അപേക്ഷിക്കാം.

2017 സെപ്തംബറിൽ സ്കൂൾ ഓഫ് ബയോസയൻസസിൽ നടത്തിയ പി.എച്ച്.ഡി. കോഴ്സ് വർക്ക് പരീക്ഷാഫലം പ്രസിദ്ധപ്പെടുത്തി.

2017 ജൂണിൽ നടത്തിയ എം.എഫ്.എ. അപ്ലൈഡ് ആർട്ട്, പെയിന്റിംഗ്, സ്കൾപ്ചർ (റഗുലർ/സപ്ലിമെന്ററി, പ്രീവിയസ് & ഫൈനൽ) പരീക്ഷകളുടെ ഫലം പ്രസിദ്ധപ്പെടുത്തി. അപ്ലൈഡ് ആർട്ടിൽ രാധു ഉണ്ണി, ജിബിൻ കെ. മാനുവൽ, മുനാസ് എം.ഇസഡ്, എന്നിവരും പെയിന്റിംഗിൽ എസ്. വികാസ്, രഞ്ജിത്ത് ശിവറാം, ലിജോ ആർ. & മജീഷ് കെ. എന്നിവരും യഥാക്രമം ഒന്നും രണ്ടും മൂന്നും റാങ്കുകളും സ്കൾപ്ചറിൽ അയ്യപ്പദാസ് ഐ.ആർ. ഒന്നാം റാങ്കും അനൂപ് പി.ജി. രണ്ടാം റാങ്കും നേടി. പുനർമൂല്യനിർണ്ണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും ഫെബ്രുവരി 5 വരെ അപേക്ഷിക്കാം.

**<u>പരിസ്ഥിതി ആഘാത പഠനത്തിൽ ത്രിദിന ശില്പശാല ഫെബ്രുവരി 8 മുതൽ</u>**

മഹാത്മാഗാന്ധി സർവ്വകലാശാലാ സ്കൂൾ ഓഫ് എൻവയൺമെന്റൽ സയൻസസും പരിസ്ഥിതി - കാലാവസ്ഥാ വ്യതിയാന ഡയറക്ടറേറ്റും സംയുക്തമായി സംഘടിപ്പിക്കുന്ന പരിസ്ഥിതി ആഘാത പഠനത്തെ സംബന്ധിച്ചുള്ള ത്രിദിന സംസ്ഥാനതല ശില്പശാല ഫെബ്രുവരി 8ന് ആരംഭിക്കും. പരിസ്ഥിതി ആഘാതപഠനവുമായി ബന്ധപ്പെട്ട വിദഗ്ദ്ധർ ക്ലാസ്സുകൾ എടുക്കും. വിദ്യാർത്ഥികൾ, ഗവേഷകർ, സർക്കാരിതര ജീവനക്കാർ, വ്യവസായ രംഗത്ത് ഉള്ളവർ എന്നിവർക്ക് പങ്കെടുക്കാം. രജിസ്ട്രേഷനും കൂടുതൽ വിവരങ്ങൾക്കും ഫോൺ: 9447871596, 9496464097. ഇമെയിൽ: maheshmohan@mgu.ac.in.

പബ്ലിക് റിലേഷൻസ് ഓഫീസർ (ഇൻ ചാർജ്)